A

സമഗ്ര ശിക്ഷാ കേരളം

9001

# ഒന്നാം പാദവാർഷിക മൂല്യനിർണ്ണയം 2023-24

## ആരോഗ്യ-കായികവിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം

ക്ലാസ്സ് : 9

സമയം : 2 മണിക്കൂർ

സ്കോർ : 45

**നിർദ്ദേശങ്ങൾ**

- ആരോഗ്യ-കായിക വിദ്യാഭ്യാസം, കലാവിദ്യാഭ്യാസം, പ്രവൃത്തിപഠനം എന്നീ വിഷയങ്ങളെ മൂന്ന് ഭാഗങ്ങളായിട്ടാണ് ചോദ്യപേപ്പറിൽ ക്രമീകരിച്ചിട്ടുള്ളത്.
- ഓരോ വിഭാഗത്തിനും 15 സ്കോർ വീതം.
- ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്.
- മൂന്ന് വിഭാഗത്തിന്റെയും ഉത്തരങ്ങൾ പ്രത്യേകം പേപ്പറിൽ എഴുതി നൽകേണ്ടതാണ്. എല്ലാ ഉത്തരക്കടലാസിലും പേര്, വിഷയം, ക്ലാസ്, ഡിവിഷൻ, റോൾ നമ്പർ എന്നിവ രേഖപ്പെടുത്തണം.

## ആരോഗ്യ-കായികവിദ്യാഭ്യാസം

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും 1 സ്കോർ വീതം.** **(4x1=4)**

1. അന്താരാഷ്ട്ര യോഗ ദിനം ?
   a. ജൂലൈ 1 b. ജൂൺ 5 c. ജൂൺ 21 d. ആഗസ്റ്റ് 21
2. ഫ്രഞ്ച് ഓപ്പൺ ഏത് കളിയുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്?
   a. റഗ്ബി b. ക്രിക്കറ്റ് c. ടെന്നീസ് d. ചെസ്സ്
3. മോഡിഫൈഡ് സ്റ്റെപ്പ് ടെസ്റ്റ് ഏത് കായിക ക്ഷമതയുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്?
   a. പേശീശക്തി b. ബാലൻസ് c. ചുറുചുറുക്ക് d. ഹൃദയശ്വസനക്ഷമത
4. വടക്കൻ യൂറോപ്പിലും ജർമനിയിലും ആരംഭം കുറിച്ച കായിക ഇനം ഏത്?
   a. ടെന്നീസ് b. ഹാൻഡ്ബോൾ c. ജൂഡോ d. ബാസ്കറ്റ് ബോൾ
5. മനുഷ്യ ശരീരത്തിൽ അനുഭവപ്പെടുന്ന വിവിധതരം സ്പർശനങ്ങളെ മനസ്സിൽ കാണുവാനുള്ള കഴിവ് ആണ്:
   a. വിഷ്വൽ ഇമേജറി b. ഓഡിറ്ററി ഇമേജറി
   c. ടാക്റ്റൈൽ ഇമേജറി d. ഗസ്റ്റേറ്ററി ഇമേജറി
6. പിച്ചർ, ക്യാച്ചർ എന്നിവ ഏത് കളിയുമായാണ് ബന്ധപ്പെട്ടിരിക്കുന്നത്?
   a. ഖോ ഖോ b. സോഫ്റ്റ് ബോൾ c. സ്മാഷ് d. നെറ്റ് ബോൾ

**7 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും 4 എണ്ണത്തിന് ഉത്തരം എഴുതുക, ഓരോന്നിനും രണ്ടു സ്കോർ വീതം.** **(4x2=8)**

7. സമ്മർദ്ദം എന്നാൽ എന്ത്?
8. ഹൃദയശ്വസനക്ഷമത വർധിപ്പിക്കാൻ സഹായിക്കുന്ന 4 വ്യായാമങ്ങളുടെ പേര് എഴുതുക.
9. പ്രോഗ്രസീവ് മസിൽ റിലാക്സേഷൻ എന്നാൽ എന്ത്?
10. ഭുജംഗാസനത്തിന്റെ രണ്ട് ഗുണങ്ങൾ എഴുതുക.
11. മോഡിഫൈഡ് സ്റ്റെപ്പ് ടെസ്റ്റിന് ശേഷം നിങ്ങളുടെ ശരീരത്തിനുണ്ടാകുന്ന ഏതെങ്കിലും രണ്ട് മാറ്റങ്ങൾ എഴുതുക.

12, 13 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരമെഴുതുക. 3 സ്കോർ വീതം. (1x3=3)

12. ഇമേജറി ടെക്നിക് എന്നാൽ എന്ത്? ഏതെങ്കിലും രണ്ട് ഇമേജറി ടെക്നിക്കുകളുടെ പേര് എഴുതുക.

13. സ്ഥിരമായി നീന്തലിൽ ഏർപ്പെടുന്നതിലൂടെ ശരീരത്തിൽ ഉണ്ടാകുന്ന ഗുണപരമായ ഏതെങ്കിലും മൂന്നു മാറ്റങ്ങളുടെ പേര് എഴുതുക.

## കലാവിദ്യാഭ്യാസം

1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാല് ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം. (4x1=4)

1. ചെന്നൈ ഇഞ്ചമ്പാക്കത്ത് ചോളമണ്ഡലം എന്ന പേരിൽ ചിത്രകാരന്മാരുടെ കലാഗ്രാമം സ്ഥാപിച്ച കലാകാരൻ ആര്?
   a. കെ. സി. എസ്. പണിക്കർ  b. മട്ടന്നൂർ ശങ്കരൻകുട്ടി
   c. ഹരേൻ ദാസ്  d. ഉമയാൾപുരം ശിവരാമൻ

2. വടക്കേ ഇന്ത്യയിൽ പേർഷ്യൻ സംഗീതത്തിന്റെ സ്വാധീനത്താൽ രൂപപ്പെട്ട സംഗീത ശാഖ ഏത്?
   a. കർണാടക സംഗീതം  b. ഹിന്ദുസ്ഥാനി സംഗീതം  c. സോപാന സംഗീതം
   d. കഥകളി സംഗീതം

3. കേരളത്തിന്റെ തനത് നൃത്തരൂപം ഏത്?
   a. ഒഡീസി  b. കഥക്  c. മോഹിനിയാട്ടം  d. ഭരതനാട്യം

4. ചതുർവിധ അഭിനയത്തിൽ വാക്കുകൾ കൊണ്ടുള്ള അഭിനയം ഏതാണ്?
   a. ആംഗികം  b. ആഹാര്യം  c. വാചികം  d. സാത്വികം

5. 2023ൽ മികച്ച സംഗീത സംവിധായകനുള്ള ഓസ്കാർ അവാർഡ് നേടിയത് ആര്?
   a. എ. ആർ. റഹ്മാൻ  b. എം. ജയചന്ദ്രൻ
   c. റസൂൽ പൂക്കുട്ടി  d. എം. എം. കീരവാണി

6. കർണാടക സംഗീത പിതാമഹൻ എന്ന് വിളിക്കുന്നത് ആരെയാണ്?
   a. സ്വാതി തിരുനാൾ  b. പുരന്ദര ദാസർ
   c. രമേഷ് നാരായണൻ  d. ചെമ്പൈ വൈദ്യനാഥ ഭാഗവതർ

7 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരം എഴുതുക. ഓരോന്നിനും മൂന്ന് സ്കോർ വീതം. (2x3=6)

7. ക്ലാസ് മുറിയിലെ ഒരു നാടകത്തിൽ പ്രധാന കഥാപാത്രമായ കർഷകനെ അവതരിപ്പിക്കുന്നതിന് ആവശ്യമായ വേഷവിധാനങ്ങളും സാമഗ്രികളും ഏതെല്ലാമെന്ന് എഴുതുക.

8. കർണാടക സംഗീത ത്രിമൂർത്തികൾ ആരെല്ലാം?

9. തന്നിരിക്കുന്ന സന്ദർഭങ്ങൾക്ക് അനുയോജ്യമായ നവരസങ്ങൾ കണ്ടെത്തി എഴുതുക.
   a. യുദ്ധത്തിൽ വിജയിച്ച ധീര ജവാന്റെ ഭാവം
   b. മാലിന്യ കൂമ്പാരത്തിൽ നിന്നുള്ള ദുർഗന്ധം അനുഭവിക്കുമ്പോഴുള്ള ഭാവം
   c. അപ്രതീക്ഷിതമായി സമ്മാനം കിട്ടിയ കുട്ടിയുടെ ഭാവം

10. ചേരുംപടി ചേർക്കുക

| A | B |
|---|---|
| ഗസൽ | കലാമണ്ഡലം സത്യഭാമ |
| മോഹിനിയാട്ടം | ഭാഗ്യലക്ഷ്മി |
| നാടകം | ഗുലാം അലി |
| ഗോർണിക്ക | സക്കീർ ഹുസൈൻ |
| ഡബ്ബിങ് | പിക്കാസോ |
| തബല | എൻ. എൻ. പിള്ള |

11. നിങ്ങൾക്ക് പരിചിതമായ ഒരു പ്രകൃതിദൃശ്യം അനുയോജ്യമായ നിറം നൽകി വരയ്ക്കുക. (വരയ്ക്കുന്നതിന് പ്രത്യേകം പേപ്പർ ഉപയോഗിക്കണം.)

**12 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. അഞ്ച് സ്കോർ**

**(1x5=5)**

12. കർണാടക സംഗീതത്തിലെയും ഹിന്ദുസ്ഥാനി സംഗീതത്തിലെയും സംഗീത ഉപകരണങ്ങൾ ചിത്രങ്ങൾ നോക്കി തരംതിരിച്ച് എഴുതുക.


തബല


വയലിൻ


സിത്താർ


വീണ


ഓടക്കുഴൽ


ഷെഹനായ്


ഘടം


സരോദ്

13. 2023ലെ പരിസ്ഥിതിദിന സന്ദേശമായ 'പ്ലാസ്റ്റിക്കിനെതിരെ പൊരുതുക' (Beat plastic pollution) എന്ന ആശയം ഉൾക്കൊണ്ട് ഒരു പോസ്റ്റർ രചന നടത്തുക.

14. രാവിലത്തെ സ്കൂൾ അങ്കണം കുട്ടികൾ സ്കൂളിലേക്ക് വരുന്നു. ഭിന്നശേഷിയുള്ള ഒരു കുട്ടി ഭാരമുള്ള ബാഗുമായി നടന്നു വരുന്നു. ഒരു സഹപാഠി ഓടിച്ചെന്ന് ആ കുട്ടിയുടെ കയ്യിലുള്ള ബാഗു വാങ്ങി തോളിൽ ഇടുന്നു. മറ്റ് രണ്ടു കൂട്ടുകാർ ചേർന്ന് കുട്ടിയെ ക്ലാസിലേക്ക് കൂട്ടിക്കൊണ്ടുപോകുന്നു. ഈ സന്ദർഭത്തിന് അനുയോജ്യമായ തിരക്കഥ തയ്യാറാക്കുക.

# പ്രവൃത്തിപഠനം

**1 മുതൽ 4 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ഉത്തരമെഴുതുക. ഒരു സ്കോർ വീതം (3x1=3)**

1. ചിരട്ട ഉപയോഗിച്ച് കൗതുകവസ്തുക്കൾ ചെയ്യുമ്പോൾ വക്കുകൾ നിരപ്പാക്കുവാൻ ഉപയോഗിക്കുന്ന ഉപകരണം ഏത്?
   a. അരം b. കത്രിക c. കത്തി d. ഹാക്സോ ബ്ലെയിഡ്

2. ദ്വിതീയ വർണ്ണമായ പച്ച നിറം ലഭിക്കുന്നതിന് ഏത് പ്രാഥമിക വർണ്ണങ്ങളെ തമ്മിൽ തുല്യ അളവിൽ യോജിപ്പിക്കണം.
   a. ചുവപ്പ്+മഞ്ഞ b. ചുവപ്പ് + നീല c. മഞ്ഞ + നീല d. ഇവയൊന്നുമല്ല

3. സ്ട്രോബോർഡ് അഥവാ കാർഡ് ബോർഡ് കൊണ്ട് നിർമ്മിക്കാൻ സാധിക്കുന്ന ഉപയോഗയോഗ്യമായ ഉൽപ്പന്നം ഏത്?
   a. ഫ്ലെക്സി ഫയൽ b. ഓഫീസ് ഫയൽ
   c. കവർ d. ആശംസ കാർഡ്

4 വസ്ത്രങ്ങൾ ആകർഷകമാക്കുന്നതിന് വിവിധ വർണ്ണങ്ങളിലുള്ള നൂലുകൾ ഉപയോഗിച്ച് ചെയ്യുന്ന പ്രവർത്തനത്തിന്റെ പേര്!
   a. ഫാബ്രിക് പെയിന്റിംഗ് b. വെജിറ്റബിൾ പ്രിന്റിംഗ്
   c. സ്റ്റെൻസിൽ d. അലങ്കാര തയ്യൽ

**5 മുതൽ 9 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരം എഴുതുക. 2 സ്കോർ വീതം (4x2=8)**

5. വെജിറ്റബിൾ പ്രിന്റിംഗ്, ഫാബ്രിക് പെയിന്റിംഗ് ഇവ തമ്മിലുള്ള വ്യത്യാസം എഴുതുക

6. ഏതെങ്കിലും ഒരു ഭക്ഷ്യ സംസ്കരണ രീതി വിവരിക്കുക?

7. മഴക്കാല രോഗ നിയന്ത്രണത്തിനായി വീടുകളിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ എന്തെല്ലാം ?

8. പുരാതനവും ആധുനികവുമായ കാർഷിക ഉപകരണങ്ങളുടെ പേര് എഴുതുക. (രണ്ടെണ്ണം വീതം)

9. ഒറിഗാമിയും കിറിഗാമിയും തമ്മിലുള്ള വ്യത്യാസം എന്ത്?

**10, 11 ചോദ്യങ്ങളിൽ ഏതെങ്കിലും ഒരെണ്ണത്തിന് ഉത്തരം എഴുതുക. 4 സ്കോർ. (1x4=4)**

10. ഔഷധസസ്യങ്ങൾ നട്ടുവളർത്തുന്നതിന്റെ ആവശ്യകത എന്ത്? വീട്ടിൽ നട്ടുവളർത്തേണ്ട നാല് ഔഷധസസ്യങ്ങളുടെ പേര് എഴുതുക.

11. ഹിരോഷിമ ദിനവുമായി ബന്ധപ്പെട്ട ഒരു പോസ്റ്റർ തയ്യാറാക്കുക.